"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ്- ജീവനക്കാര്യം- ശ്രീമതി. അഞ്ജു മറിയം ജോസഫ്, കൃഷി ഓഫീസർക്ക് ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (ഇഎ) വകുപ്പ്**

സ.ഉ.(സാധാ) നം.24/2024/AGRI    തീയതി,തിരുവനന്തപുരം, 06-01-2024

---

പരാമർശം:-

1. കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ 07/10/2021 ലെ SD(2) 5101/2021 നമ്പർ കത്ത്.
2. കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ 27/09/2023 ലെ ADFW/5101/2021-SD2 നമ്പർ കത്ത്.
3. ശ്രീമതി. അഞ്ജു മറിയം ജോസഫ് സമർപ്പിച്ച സത്യവാങ്മൂലം.
4. കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ 25/02/2023 ലെ ADFW/5101/2021-SD2 നമ്പർ നടപടി ക്രമം .

**ഉത്തരവ്**

കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ ആലപ്പുഴ ജില്ലയിലെ എടത്വാ കൃഷി ഓഫീസറായി 09-10-2020 തീയതിയിൽ ജോലിയിൽ പ്രവേശിച്ച ശ്രീമതി. അഞ്ജു മറിയം ജോസഫ് -ന് പി. എച്ച്. ഡി. കോഴ്സ് പൂർത്തിയാക്കുന്നതിനായി 01.07.2021 മുതൽ 31.03.2022 വരെ 274 ദിവസത്തെ ശൂന്യവേതനാവധി അനുവദിക്കുന്നതിനും തുടർന്ന് 01-04-2022 മുതൽ 31-01-2023 വരെ 306 ദിവസത്തേക്ക് കൂടി ശുന്യവേതനാവധി ദീർഘിപ്പിക്കന്നതിനുമായുള്ള അപേക്ഷ കൃഷി വകുപ്പ് ഡയറക്ടർ സൂചന (1), സൂചന (2) കത്ത് പ്രകാരം സർക്കാരിൽ ലഭ്യമാക്കിയിരുന്നു. ശ്രീമതി. അഞ്ജു മറിയം ജോസഫ് തുടർച്ചയായ സേവനത്തിൽ പ്രവേശിച്ച 09/10/2020 മുതൽ 30/6/2021 വരെ മുഴുവൻ സമയ ഗവേഷണത്തിൽ നിന്നും താത്കാലിക ഇടവേള എടുത്തതായുള്ള മേലധികാരി സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലം സൂചന (3) പ്രകാരം സർക്കാരിൽ ലഭ്യമാക്കിട്ടുണ്ട് . ശ്രീമതി. അഞ്ജു മറിയം ജോസഫ് 05.01.2023 തീയതിയിൽ കൃഷി വകുപ്പ് ഡയറക്ടർ മുൻപാകെ റിപ്പോർട്ട് ചെയ്യതിൻ പ്രകാരം ടിയാളെ പത്തനംതിട്ട ജില്ലയിലെ പെരിങ്ങര കൃഷി ഭവനിൽ കൃഷി ഓഫീസറായി സൂചന (4) പ്രകാരം നിയമിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നിലവിൽ പത്തനംതിട്ട ജില്ലയിലെ പെരിങ്ങര കൃഷി ഓഫീസറായ ശ്രീമതി അഞ്ജു മറിയം

ജോസഫ്- ന് പഠനാവശ്യത്തിനായി **01-07-2021** മുതൽ **04-01-2023** വരെ, കെ.എസ്.ആർ ഭാഗം **I**, അനുബന്ധം **XII B** യിലെ വ്യവസ്ഥകൾക്ക് വിധേയമായി ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവാകുന്നു.

പ്രൊബേഷൻ പൂർത്തിയാക്കാതെ അവധിയിൽ പ്രവേശിച്ചതിനാൽ ശ്രീമതി അഞ്ജു മറിയം ജോസഫിന്റെ മുൻകാലസേവനം നഷ്ടമാകുകയും അവധി കഴിഞ്ഞ് സേവനത്തിൽ പ്രവേശിച്ച തീയതിയിൽ പുതുതായി സേവനത്തിൽ പ്രവേശിച്ചതായി കണക്കാക്കുകയും ചെയ്യുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**VALSALA S D**

ഡെപ്യൂട്ടി സെക്രട്ടറി

ഡയറക്ടർ ,കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് , തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (എ&ഇ), തിരുവനന്തപുരം
ശ്രീമതി അഞ്ജു മറിയം ജോസഫ്, കൃഷി ഓഫീസർ (കൃഷി ഡയറക്ടർ മുഖേന)
കരുതൽ സഞ്ചയം/ ഓഫീസ് കോപ്പി **(AGRI-EA2/211/2021-AGRI)**

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ